LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

ജലജീവൻ മിഷൻ പദ്ധതി

160(2196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ എത്ര ഉപഭോക്താക്കൾക്ക് കൂടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചെറുകുന്ന്, ചെറുതാഴം, ഏഴോം, കല്യാശ്ശേരി, കണ്ണപുരം, മാടായി, മാട്ടൂൽ, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പനപ്പുഴ, പട്ടുവം എന്നീ പഞ്ചായത്തുകൾക്കായി 43,369 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ 18,235 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ഭാരതപ്പുഴയുടെ സംരക്ഷണം

161(2197) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും അതിലേയ്ക്ക് വന്നുചേരുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരുർ-പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണംകൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.